പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2762 **28-10-2026-ൽ മറുപടിയ്ക്ക്**

കുഴിവെള്ള ഫാക്ടറികൾ സ്ഥാപിക്കുന്നതിന് നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഗീതാ ഗോപി

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി) മുഖാന്തരം അരുവിക്കരയിൽ നടപ്പിലാക്കുന്ന കുപ്പിവെള്ള കമ്പനിയിൽ 300ml, 500ml കുപ്പിവെള്ളം വിതരണം നടക്കുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

മറുപടി: 17/12/2019-ലെ സ.ഉ(കൈ) നം. 7/2019/Envt പ്രകാരം 2020 ജനുവരി മാസം ഒന്നാം തീയതി മുതൽ പ്രാവർത്തികമാകുന്ന വിധത്തിൽ കേരള സർക്കാർ ഒറ്റത്തവണ മാത്രം ഉപയോഗിക്കുന്ന 500 മില്ലിയിൽ താഴെയുള്ള Packaged Drinking Water (PDW) & PET bottles നിരോധിച്ചിരുന്നു. അന്ന് മുതൽ കേരള സർക്കാരിന്റെ പൊതുമേഖലാസ്ഥാപനമായ കെ.ഐ.ഐ.ഡി.സി. ഹില്ലി അക്വായുടെ 300 മില്ലിയുടെ ഉൽപ്പാദനം നിർത്തുകയും പിന്നീട് 500 മില്ലിയുടെ ഉൽപ്പാദനം ആരംഭിക്കുകയും ചെയ്തു. എല്ലാ മാസവും വിതരണക്കാരുടെ ആവശ്യാനുസരണം അര ലിറ്റർ (500 മില്ലി) ഹില്ലി അക്വാ പ്ലാന്റിൽ ഉൽപ്പാദിപ്പിക്കുകയും അവ വിറ്റുപോകുകയും ചെയ്യുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മാത്രം (2025-26) 29,53,916 കുപ്പികൾ അര ലിറ്റർ ഇനത്തിൽ ഹില്ലി അക്വാ അരുവിക്കര, തൊടുപുഴ പ്ലാന്റിൽ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

(ബി) കെ.ഐ.ഐ.ഡി.സി മുഖാന്തരം അരുവിക്കരയിൽ നടപ്പിലാക്കുന്ന കുപ്പിവെള്ള കമ്പനി കേരള വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ;

മറുപടി: ജലവിഭവ വകുപ്പിന്റെ അധീനതയിലായിരുന്ന കുപ്പിവെള്ള നിർമ്മാണ ഫാക്ടറി നിലവിൽ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന് പാട്ടവ്യവസ്ഥയിൽ കൈമാറിയിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് 05/05/2020-ന് ഒപ്പുവച്ച പാട്ടക്കരാർ പ്രകാരം കരാറിന്റെ കാലാവധി 7 വർഷമാണ്. പ്രസ്തുത കരാറിന്റെ കാലാവധി 04/05/2027-ൽ മാത്രമാണ് അവസാനിക്കുന്നത്. പ്രസ്തുത കമ്പനി കേരള ജലഅതോറിറ്റി ഏറ്റെടുക്കുന്നത് നിലവിൽ പരിഗണനയിലില്ല.

(സി) ആലുവ, മാവൂർ, ശാസ്താംകോട്ട എന്നിവിടങ്ങളിൽ കേരള വാട്ടർ അതോറിറ്റിയുടെ ചുമതലയിൽ കുപ്പിവെള്ള ഫാക്ടറികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

മറുപടി: നിലവിൽ ഇക്കാര്യം പരിഗണനയിലില്ല

സെക്ഷൻ ഓഫീസർ